"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ശ്രീ.പ്രദീപ് പി.ജി., ശ്രീ.മുഹ്സിൻ പി.എം., ശ്രീ.ശ്രീകുമാർ ജി., ശ്രീ.സുധീർ എ., ശ്രീ.റംഷാദ് എ., ശ്രീ.പ്രേം നിർമ്മൽ, ശ്രീ.ആനന്ദൻ ടി., എന്നിവർ ഫയൽ ചെയ്ത O.A.No.2438/2019, 1546/2020, 1549/2020, 1558/2020, 1559/2020, 1569/2020, 1575/2020 എന്നീ ഒ.എ. കളിന്മേൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 14.10.2020 - ൽ പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.308/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/02/2021

---

പരാമർശം:- 1 ശ്രീ.പ്രദീപ് പി.ജി., ശ്രീ.മുഹ്സിൻ പി.എം., ശ്രീ.ശ്രീകുമാർ ജി., ശ്രീ.സുധീർ എ., ശ്രീ.റംഷാദ് എ., ശ്രീ.പ്രേം നിർമ്മൽ, ശ്രീ.ആനന്ദൻ ടി., എന്നിവർ ഫയൽ ചെയ്ത O.A.No.2438/2019, 1546/2020, 1549/2020, 1558/2020, 1559/2020, 1569/2020, 1575/2020 എന്നീ ഒ.എ. കളിന്മേൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 14.10.2020 - ൽ പുറപ്പെടുവിച്ച വിധിന്യായം

2 പഞ്ചായത്ത് ഡയറക്ടറുടെ 23.01.2021 ലെ PAN/10219/2019-E1(DP) നമ്പർ കത്ത്.

**ഉത്തരവ്**

തമിഴ് ഭാഷാ ന്യൂനപക്ഷ ടെസ്റ്റ് പാസ്സായ പരാതിക്കാർക്ക് കെ.എസ്&എസ്.എസ്.ആർ. ഭാഗം 2-ലെ ചട്ടം 9(d) പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് പ്രൊമോഷനും നിയമനവും നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.പ്രദീപ് പി.ജി., ശ്രീ.മുഹ്സിൻ പി.എം., ശ്രീ.ശ്രീകുമാർ ജി., ശ്രീ.സുധീർ എ., ശ്രീ.റംഷാദ് എ., ശ്രീ.പ്രേം നിർമ്മൽ, ശ്രീ.ആനന്ദൻ ടി., എന്നിവർ ഫയൽ ചെയ്ത O.A.No.2438/2019, 1546/2020, 1549/2020, 1558/2020, 1559/2020, 1569/2020, 1575/2020 എന്നീ ഒ.എ. കളിന്മേൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു . ആയതിൽ ചുവടെ ചേർക്കും പ്രകാരം അറിയിച്ചിട്ടുണ്ട്.

"... The applicant in O.A.No.2438/2019 is directed to file an appropriate representation before the first respondent regarding his claim within three weeks from 14.10.2020. If such a representation is filed, the first respondent shall pass appropriate orders on the same, within six weeks therefrom, in the light of the facts noted above.

The applicants in the other O.A. have already filed representations before the first respondent, within six weeks from the receipt of a copy of the Order, in the light of the facts noted above."

2. കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് ആയ ശ്രീ. മുഹ്സിൻ പി.എം., ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത

OA.1810/2019 നമ്പർ കേസിന്മേലുള്ള 04.09.2019-തീയതിയിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 20.08.2020-തീയതിയിലെ സ.ഉ (സാധാ) നം. 1554/20/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം 21.04.2012 ലെ SRO No. 371/2012 ലെ ഭേദഗതി 9 (ഡി) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ടെസ്റ്റ് യോഗ്യത നേടിയവരെ തമിഴ് മീഡിയത്തിൽ 1 മുതൽ 10 വരെ വിദ്യാഭ്യാസം നേടിയവരോടൊപ്പം out of turn നിയമനത്തിന് പരിഗണിക്കാവുന്നതാണെന്നും ഇത്തരക്കാരെ പ്രസ്തുത യോഗ്യത നേടിയ സീനിയർമാരുടെ അഭാവത്തിൽ തമിഴ് ഭാഷ ന്യൂനപക്ഷ പ്രദേശത്തെ പഞ്ചായത്തുകളിൽ സെക്രട്ടറിയായി താത്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർ നിർദേശം നൽകി ഉത്തരവായിരുന്നു. അപേക്ഷകർ സമർപ്പിച്ച നിവേദനങ്ങളിൽ ഉന്നയിച്ചിരിക്കുന്നതും ടിയാന്മാരെ ഭാഷാ ന്യൂനപക്ഷ പ്രദേശത്തെ പഞ്ചായത്തുകളിൽ സെക്രട്ടറിയായി താത്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം എന്നതാണ്.

3. ആയതിന്റെ അടിസ്ഥാനത്തിൽ തമിഴ് മീഡിയത്തിൽ 1 മുതൽ 10 വരെ വിദ്യാഭ്യാസം നേടിയവരുടെ മുൻഗണന പട്ടിക നിലവിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ, പ്രസ്തുത യോഗ്യത നേടിയവരുടെ വിവരം അറിയുന്നതിന് നിലവിൽ ഉള്ള മുൻഗണന പട്ടിക അടക്കം 23.10.2020-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/10219/E1 (DP) നമ്പർ നോട്ടീസ് പ്രകാരം നോട്ടീസ് പ്രസിദ്ധീകരിക്കുകയും, ആയത് പ്രകാരം യോഗ്യരായവരുടെ അപേക്ഷ ലഭിക്കുകയും ആയത് കൂടി ഉൾപ്പെടുത്തി 01.01.2020-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/10219/E1 (DP) നമ്പർ പ്രകാരം നോട്ടീസ് പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത നോട്ടീസിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ലഭ്യമായ ശേഷം മുൻഗണന പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ തമിഴ് ഭാഷ ന്യൂനപക്ഷ പ്രദേശത്തെ പഞ്ചായത്തുകളിലെ ഒഴിവ് വരുന്ന മുറയ്ക്ക് യോഗ്യരായ ജീവനക്കാരെ പ്രസ്തുത പട്ടികയിൽ നിന്നും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച നോട്ടിസിന്റെയും ലിസ്റ്റിന്റെയും പകർപ്പ് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയത് പരിശോധിച്ചതിൽ നിന്നും മേൽ O.A. കൾ ഫയൽ ചെയ്തിട്ടുള്ള പരാതിക്കാരെല്ലാവരും തമിഴ് - കന്നഡ ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായ ജൂനിയർ സൂപ്രണ്ട് /അസിസ്റ്റന്റ് സെക്രട്ടറിമാരുടെ കരട് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് കാണുന്നു.

5. 01.01.2020-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/10219/E1 (DP) നമ്പർ നോട്ടീസിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ലഭ്യമായ ശേഷം മുൻഗണന പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ തമിഴ് ഭാഷ ന്യൂനപക്ഷ പ്രദേശത്തെ പഞ്ചായത്തുകളിലെ ഒഴിവ് വരുന്ന മുറയ്ക്ക് യോഗ്യരായ ജീവനക്കാരെ പ്രസ്തുത പട്ടികയിൽ നിന്നും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ബഹു.ട്രിബ്യൂണലിന്റെ പരാമർശം (1) ലെ വിധിന്യായം ഇപ്രകാരം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

1. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം,തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ,ഐ.കെ.എം., തിരുവനതപുരം
5. വിവര പൊതുജന സമ്പർക്ക ( വെബ്&ന്യൂ മീഡിയ ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.02.05 15:01:43 IST
Reason: Approved

സെക്ഷൻ ഓഫീസർ